ഹഫ്-എ മില്യൻ ജോബ് പ്രോഗ്രാമനുസരിച്ചു നിയമിച്ച ജീവനക്കാർ

*750 [816] ശ്രീ. പി. ആർ. ശിവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാഫ്-എ-മില്യൻ ജോബ് പ്രോഗ്രാമനുസരിച്ച് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ് വകുപ്പിൽ നിയമിച്ച ജൂനിയർ എഞ്ചിനിയർ, ഹെൽപ്പർ എന്നീ വിഭാഗം ജീവനക്കാരെ സർവ്വീസിൽ റഗുലറൈസ് ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഇക്കാര്യത്തിൽ എന്തുകൊണ്ട് ഇത്രയും കാലതാമസം ഉണ്ടായി എന്ന് വെളിവാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഇല്ല.

(ബി & സി) സ്ഥിരപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ ഗവൺമെൻറ് പരിഗണനയിലിരിക്കുകയാണ്. ഇതു സംബന്ധിച്ച് ചില വിവരങ്ങൾ കൂടി ലഭ്യമാകാനുണ്ട്. അവ കിട്ടിയാലുടൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ഗസറ്റഡ് നോൺ ഗസറ്റഡ് വിഭജന സമ്പ്രദായം നിറുത്തലാക്കൽ

*751 [818] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗസറ്റഡ് ഓഫീസർമാരും നോൺ ഗസറ്റഡ് ഓഫീസർമാരും ആക്കി വിഭജിച്ചുകൊണ്ടുള്ള നിലവിലുള്ള സമ്പ്രദായം കേരളത്തിൽ നിറുത്തുന്നതിന് നടപടികൾ എടുക്കുമോ;

(ബി) ഇന്ന് കേരളത്തിൽ ഗസറ്റഡ് ഓഫീസർമാർക്ക് നോൺ ഗസറ്റഡ് ഓഫീസർമാരിൽനിന്ന് വ്യത്യസ്തമായി കിട്ടുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും അധികാരങ്ങളും എന്തൊക്കെയാണ്;

(സി) ഇക്കാര്യത്തിൽ പശ്ചിമബംഗാൾ കൈക്കൊണ്ട നടപടികൾ കേരളത്തിൽ ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഗവൺമെൻറ് ഇക്കാര്യം മുൻപ് വിശദമായി പരിഗണിച്ചതാണ്, പ്രശ്നം ചന്ദ്രഭാനുകമ്മീഷൻറെ പരിഗണനക്കും വിട്ടുകൊടുത്തിരുന്നു. കമ്മീഷൻ ഇക്കാര്യത്തിൽ ശുപാർശയൊന്നും നൽകിയില്ല. ഗസറ്റഡ് നോൺ ഗസറ്റഡ് തരംതിരിവ് നിറുത്തലാക്കുന്നതുകൊണ്ട് ശ്രദ്ധേയമായ പ്രയോജനമൊന്നുമില്ലെന്നുള്ളതുകൊണ്ടും അക്കൗണ്ടോഫീസിലെ ജോലിക്കും മറ്റും മാറ്റം വേണമെന്നുള്ളതുകൊണ്ടും ഇതു നിറുത്തലാക്കുന്നതിനുള്ള നടപടികൾ മുന്നോട്ടുകൊണ്ടുപോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രമാണങ്ങളും സാക്ഷ്യപ്പെടുത്തുന്നതിനും ലൈഫ്, സ്വഭാവ സർട്ടിഫിക്കറ്റുകളും കൊടുക്കുന്നതിനുള്ള അധികാരമുണ്ട്. എല്ലാ ഗസറ്റഡ് ആഫീസർമാർക്കും ട്രഷറികളിൽനിന്നും സ്വയം ശമ്പളം എഴുതി വാങ്ങുന്നതിനും അധികാരമുണ്ട്. മറ്റു പ്രത്യേക അധികാരങ്ങളോ, ആനുകൂല്യങ്ങളോ അവകാശങ്ങളോ ഇല്ല.

(സി) പശ്ചിമ ബംഗാളിൽ ഗസറ്റഡ് നോൺ ഗസറ്റഡ് വ്യത്യാസം എടുത്തുകളഞ്ഞാലും എ, ബി, സി, ഡി, എന്നു മറ്റൊരുതരം തരംതിരിവ് നടപ്പിലുണ്ട്. അതിനാൽ അവിടത്തെ നടപടികളും കേരളത്തിൽ ബാധകമാക്കുന്നതുകൊണ്ട് പ്രത്യേക പ്രയോജനമൊന്നുമില്ല. ചന്ദ്രഭാനുക്കമ്മിഷൻ റിപ്പോർട്ടനുസരിച്ച് ജീവനക്കാരുടെ ക്ലാസ് I, II, III IV എന്നീ തരത്തിലുള്ള വിഭജനംപോലും, കേരളത്തിൽ ഒഴിവാക്കിയിരിക്കുകയാണ്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ പ്രമോഷൻ

1239 [1980] ശ്രീ. എസ്. തങ്കപ്പൻപിള്ള:

,, വട്ടിയൂർക്കാവ് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സെക്രട്ടേറിയറ്റിൽ നിലവിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ സാദ്ധ്യത ടൈപ്പിസ്റ്റിനെ അപേക്ഷിച്ച് വളരെ കുറവാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ടൈപ്പിസ്റ്റുമാർക്ക് സെക്രട്ടേറിയറ്റിലും മറ്റു വിവിധ ഡിപ്പാർട്ടുമെന്റുകളിലും വ്യത്യസ്ഥ റേഷ്യോ അനുവദിച്ചതുപോലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്കും സെക്രട്ടേറിയറ്റിലും മറ്റു വിവിധ ഡിപ്പാർട്ടുമെന്റുകളിലും വ്യത്യസ്ഥ റേഷ്യോ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ കോൺഫിഡൻഷ്യൻ അസിസ്റ്റന്റിനും ടൈപ്പിസ്റ്റിനും പ്രത്യേകം ഗ്രഡേഷൻ ലിസ്റ്റും പ്രമോഷൻ നൽകുന്നതിനും വ്യത്യസ്ഥ അനുപാത ക്രമവുമാണ് നിലവിലുള്ളത്.

(ബി) പേ കമ്മിഷൻ നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ സീനിയർ ഗ്രേഡ്, ഗ്രേഡ് I ഗ്രേഡ് II എന്നീ വിഭാഗങ്ങളിലുള്ള 2:5:14 എന്ന റേഷ്യോ 2:7:12 എന്ന് പുതുക്കി നിശ്ചയിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് സെക്രട്ടേറിയറ്റിലും മറ്റു വിവിധ ഡിപ്പാർട്ടുമെന്റുകളിലും വ്യത്യസ്ഥ റേഷ്യോ അനുവദിക്കാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly